ഗത്തിലുമുള്ള ജീവനക്കാരുടെ കുറവ് എംപ്ലോയ്മെന്റ് മുഖാന്തിരം താൽക്കാലിക നിയമനം നടത്തി പരിഹരിച്ചുവരുന്നു.

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കിയ 109 പേർക്ക് ജോലി നൽകുവാനുണ്ട്. ഇതിൽ വനിതകൾ 86 പേർ ഉണ്ട്. 86 വനിതകളിൽ 83 പേരും ക്ലാർക്കുമാരായി നിയമനം ലഭിക്കാനാണ് താൽപ്പര്യപ്പെട്ടിരിക്കുന്നത്. എന്നാൽ നിലവിലുള്ള ഷെഡ്യൂളുകളുടെ എണ്ണം അനുസരിച്ച് ക്ലാർക്കുമാരുടെ ഒഴിവുകൾ ഇപ്പോൾ ഇല്ലാത്തതുകൊണ്ടാണ് അവർക്കു നിയമനം നൽകുവാൻ കഴിയാത്തത്. ബാക്കിയുള്ളവരുടെ നിയമന നടപടികൾ തുടർന്നുവരുന്നു.

59 (2619) കെ.എസ്.ആർ.ടി.സി യിലെ ഒഴിവുകൾ

ശ്രീ. ജോർജ്. ജെ. മാത്യു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.5.1999-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യിൽ ഓരോ കാറ്റഗറിയിലും എത്ര ഒഴിവുകൾ വീതമുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) 2000-മാണ്ട് മാർച്ച് 31-ന് കെ.എസ്.ആർ.ടി.സി. യിൽ നിന്നും എത്രപേർ റിട്ടയർ ചെയ്തു;

(സി) ഇവരുടെ സ്ഥാനത്ത് പുതിയ നിയമനം നടത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 31-5-1999 ലെ കണക്കനുസരിച്ച് റിട്ടയർമെന്റ്മൂലവും നിലവിലുള്ള ഷെഡ്യൂളുകൾക്ക് ആനുപാതികമായും ഉണ്ടായിട്ടുള്ള ഒഴിവുകളുടെ എണ്ണം താഴെചേർക്കുന്നു.

ഡ്രൈവർ	5676
കണ്ടക്ടർ	2391
മെക്കാനിക്കൽ വിഭാഗം	900
ഗാർഡ്	311
പ്യൂൺ	168
സ്വീപ്പർ	36
സ്വീപ്പർ-കം-സ്കാവഞ്ചർ	20
ആകെ	9502

(ബി) 1-4-99 മുതൽ 31-3-2000 വരെ 980 പേർ കെ.എസ്.ആർ.ടി.സി യിൽ നിന്നും റിട്ടയർ ചെയ്യുവാനുണ്ട്.

(സി) 12/2000 വരെ റിട്ടയർമെന്റ് മൂലം ഉണ്ടാകാവുന്ന ഒഴിവുകൾ കണക്കുകൂട്ടി 6-12-1997-ൽ 1012/ജിഎൻ2/97/ആർ.ടി.സി എന്ന കത്തു മുഖാന്തിരം പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്. ഓപ്പറേറ്റിംഗ്, മെക്കാനിക്കൽ വിഭാഗങ്ങളിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം നടത്തി ജോലി ചെയ്യിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly